പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 119 — 13.12.2012 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ അനൂപ്ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സപ്ലൈകോ ഇപ്പോൾ നെല്ല് സംഭരണം നടത്തുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) നെല്ല് അരിയാക്കി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവ സപ്ലൈകോ വഴി തന്നെ വിതരണം ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണ് വ്യക്തമാക്കുമോ; | ബി) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വികേന്ദ്രീകൃത സംഭരണ പദ്ധതിയിലൂടെ സംഭരിക്കുന്ന നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾ വഴി കുത്തി അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെയാണ് വിതരണം ചെയ്യുന്നത്. ഈ അരി കേന്ദ്ര ഗവൺമെന്റുമായി ഉണ്ടാക്കിയ കരാർ പ്രകാരം പൊതുവിതരണ സമ്പ്രദായം വഴിയേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. |
| സി) പ്രസ്തുത അരി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നത് ഏത് രീതിയിലാണ്; ഇതുമൂലം കമ്പോളത്തിലെ വില വർദ്ധനവ് പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | സി) സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾ വഴി സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി സിവിൽ സപ്ലൈസ് ഡയറക്ടറിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് പ്രകാരം കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്തുവരുന്നു. പൊതുവിതരണ സമ്പ്രദായത്തിലൂടെ എ.പി.എൽ, |

ബി.പി.എൽ, എ.എ.വൈ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജനങ്ങൾക്ക് അരി സുലഭമായി ലഭ്യമാക്കുക വഴി കമ്പോള വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.